III ഇ.ബി. XII-കേരള നിയമസഭ /V-16

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

2007 ജൂലായ് 16, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*481, *482, *483) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II. ശ്രദ്ധ ക്ഷണിക്കൽ

(1) നബാർഡ് മുഖേന ലഭിക്കുന്ന തുക വിനിയോഗിച്ച് സംസ്ഥാനത്തെ കർഷകർക്ക് ദീർഘകാല കാർഷിക വായ്പകൾ നൽകാൻ കഴിയാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന പ്രശ്നങ്ങളെക്കുറിച്ച് ശ്രീ. കെ. ശിവദാസൻ നായർ ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി മറുപടി നൽകി.

(2) സുനാമി പുന:രധിവാസ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ശ്രീ. പി. തിലോത്തമൻ ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

## III. സബ്മിഷൻ

(1) നഴ്സിംഗ് വിദ്യാർത്ഥിനി വിജിലയുടെ ദുരൂഹമരണം സംബന്ധിച്ച് ശ്രീ. ജി. കാർത്തികേയൻ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(2) കണിച്ചുകുളങ്ങര കൊലക്കേസ് ആക്ഷൻ കൗൺസിൽ നൽകിയ പരാതി അന്വേഷിക്കുന്നത് സംബന്ധിച്ച് ശ്രീ. പി. ജയരാജൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(3) പേരാവൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(4) തിരുവനന്തപുരം സ്വദേശി നിതിന്റെ ദുരൂഹമരണം സംബന്ധിച്ച് ശ്രീ. വി. സുരേന്ദ്രൻപിള്ള ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) മാവേലിക്കരയിലെ തകർന്ന ഫിഷറീസ് റോഡിന്റെ പുനർ നിർമ്മാണം സംബന്ധിച്ച് ശ്രീ. എം. മുരളി ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നൽകി.

(6) ആലപ്പുഴ മെഡിക്കൽ കോളേജിൽ എം. ബി. ബി. എസ്. സീറ്റ് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. സി. വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) എസ്. എസ്. എൽ. സി. പാസ്സായവരുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സംബന്ധിച്ച് ശ്രീ. കെ. പി. മോഹനൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(ഇതേ വിഷയം സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥും നോട്ടീസ് നൽകിയിരുന്നു.)

(8) സ്കൗട്ട് ആന്റ് ഗൈഡ്സ് ഗ്രേസ് മാർക്ക് സർട്ടിഫിക്കറ്റിൽ ചേർക്കാത്തതുമൂലം ഉളവായിട്ടുള്ള പ്രതിസന്ധി സംബന്ധിച്ച് ശ്രീ. മുരളി പെരുനെല്ലി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) ചാലിശ്ശേരി ബ്ലോക്ക് PHC, CHC ആയി ഉയർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. ടി. പി. കുഞ്ഞുണ്ണി ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി

(10) അന്യ സംസ്ഥാന ലോട്ടറി കമ്പനിയിൽ നിന്നും കോഴ വാങ്ങിയ കേസ്സിനെ സംബന്ധിച്ച് ശ്രീ. കെ. ബാബു ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

.

## IV. റിപ്പോർട്ട് സമർപ്പണം

പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## V. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

സംസ്ഥാനത്തിന്റെ വ്യവസായ-വാണിജ്യ നയത്തെ സംബന്ധിച്ച് വ്യവസായ വകുപ്പുമന്ത്രി പ്രസ്താവന നടത്തി.

## VI. ക്രമപ്രശ്നം

നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ നിയമ സഭാംഗങ്ങൾ പങ്കെടുക്കേണ്ട ജില്ലാതല യോഗങ്ങൾ വിളിച്ചുകൂട്ടാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗുണ്ടായിരിക്കെ, ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗം പല സ്ഥലങ്ങളിലും വിളിച്ചുകൂട്ടിയിരിക്കുകയാണെന്നും സഭ സമ്മേളിച്ചു കൊണ്ടിരിക്കുന്ന അവസരത്തിൽ അത്തരം യോഗങ്ങൾ നടത്താൻ പാടില്ലെന്നുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകണമെന്നും ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച ക്രമപ്രശ്നത്തിന് നിയമസഭാസമ്മേളനം നടക്കുമ്പോൾ അത്തരം യോഗങ്ങൾ വിളിച്ചുകൂട്ടാൻ പാടില്ലെന്ന് നിരവധി തവണ റൂളിംഗുണ്ടായിട്ടുള്ളതാണെന്നും അതിനുശേഷവും ഇത്തരം യോഗങ്ങൾ വിളിച്ചുകൂട്ടുന്നതായി ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇത് സഭയുടെ അവകാശലംഘനമായി കണക്കാക്കി നടപടി സ്വീകരിക്കേണ്ടി വരുമെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

## VII. ധനകാര്യം

<u>2007-2008 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 61,14,00,000 രൂപയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 119,32,35,000 രൂപയും ക്ഷീര വ്യവസായം എന്ന XXXII-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ 19,82,94,000 രൂപയും അനുവദിക്കണമെന്ന പ്രമേയം ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

താഴെപ്പറയുന്ന അംഗങ്ങൾ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തു.

1. ശ്രീ. എം. മുരളി
2. ശ്രീ. വി. ശശികുമാർ
3. ശ്രീ. രാജാജി മാത്യു തോമസ്
4. ശ്രീ. പി. ജെ. ജോസഫ്
5. ശ്രീ. ജോസ് തെറ്റയിൽ
6. ശ്രീ. തോമസ് ചാണ്ടി
7. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
8. ശ്രീമതി കെ. എസ്. സലീഖ
9. ശ്രീ. പി. സി. ജോർജ്
10. ശ്രീ. പി. കെ. അബ്ദുറബ്ബ്
11. ശ്രീ. കെ. ടി. ജലീൽ
12. ശ്രീ. ടി. എൻ. പ്രതാപൻ

13. ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി

14. ശ്രീ. തോമസ് ഉണ്ണിയാടൻ

15. ശ്രീ. എൻ. അനിരുദ്ധൻ

16. ശ്രീ. രാജു എബ്രഹാം

17. ശ്രീ. അടൂർ പ്രകാശ്

(ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി ആരംഭിക്കുന്നതിനു മുൻപായി ഇന്ന് രാവിലെ ശ്രീ. പി. ജയരാജൻ സബ്മിഷൻ ഉന്നയിച്ചുകൊണ്ട് നടത്തിയ ചില പരാമർശങ്ങൾ സഭാരേഖയിൽ നിന്നും നീക്കം ചെയ്യുന്ന കാര്യം പരിശോധിക്കാമെന്ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ റൂളിംഗ് നൽകിയെന്നും അങ്ങനെ പരിശോധിക്കാമെന്ന് പറഞ്ഞ കാര്യങ്ങളും പ്രസ്തുത സബ്മിഷനുള്ള ബഹുമാനപ്പെട്ട ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രിയുടെ മറുപടിയും ടി.വി. ചാനലിലൂടെ വാർത്തയായി പുറത്തുവന്നുവെന്നും, ഇക്കാര്യം ചർച്ച ചെയ്യാൻ അവസരമുണ്ടാക്കണമെന്നും, ഇതുസംബന്ധിച്ച് സ്പീക്കറുടെ റൂളിംഗ് വേണമെന്നും ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട . ശ്രീ. ജി. കാർത്തികേയൻ ക്രമപ്രശ്നമുന്നയിക്കുകയുണ്ടായി. ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിക്കുശേഷം അവസരം നൽകാമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ മറുപടി നൽകിയെങ്കിലും അതിൽ തൃപ്തരാകാതെ പ്രതിപക്ഷം ഒന്നടങ്കം ശേഷിക്കുന്ന സഭാ നടപടികൾ ബഹിഷ്ക്കരിച്ചു).

ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയ്ക്ക് ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീര വ്യവസായം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2007 ജൂലായ് മാസം 17-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.20-ന് പിരിഞ്ഞു.